19806
30/10/19

# കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - അർബുദ രോഗബാധയെത്തുടർന്ന് ചികിൽസയിലിരിക്കേ മരണപ്പെട്ട ചലച്ചിത്ര സംവിധായകൻ ബി. അജയകുമാറിന്റെ അർബുദ ചികിൽസയ്ക്കായി ചെലവായ തുക ഭാര്യയായ ഡോ. സുഷമകുമാരിക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================

## റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ. (ആർ.ടി.) നമ്പർ: **3016/2019/റവ.** തിരുവനന്തപുരം, തീയതി, **25.10.2019.**

==========================================

പരാമർശം:- 1. സ.ഉ. (എം.എസ്.) നം. 25/2019/റവ., തീയതി, 19.01.2019.
2. ആലപ്പുഴ ജില്ലാകളക്ടറുടെ 06.09.2019-ലെ DCALP/1526/2019/N1 നമ്പർ കത്ത്.

### ഉത്തരവ്

വിഖ്യാത നാടക ചലച്ചിത്രകാരൻ ശ്രീ. തോപ്പിൽ ഭാസിയുടെ മകനും പ്രമുഖ ചലച്ചിത്ര സംവിധായകനുമായിരുന്ന ശ്രീ. അജയകുമാറിന്റെ അർബുദ ചികൽസയ്ക്കായി ആശുപത്രിയിൽ ചെലവായ തുക എത്രയെന്ന് ജില്ലാകളക്ടർ തിട്ടപ്പെടുത്തി ബില്ലുകൾ തുടങ്ങിയ ആവശ്യമായ രേഖകൾ സഹിതം സമർപ്പിക്കുന്ന മുറയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും തുക വിതരണം ചെയ്യുന്നതാണെന്ന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. ശ്രീ. അജയകുമാറിന്റെ അർബുദ ചികിൽസയ്ക്കായി ആശുപത്രിയിൽ ചിലവായ 3,42,351/- രൂപ (മൂന്നുലക്ഷത്തി നാൽപ്പത്തിരണ്ടായിരത്തി മുന്നൂറ്റി അൻപത്തിയൊന്ന് രൂപ മാത്രം) അനുവദിക്കുന്നതിന് ബില്ലുകൾ സഹിതം മാവേലിക്കര തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ടി തുക അജയകുമാറിന്റെ ഭാര്യയായ ഡോ. സുഷമകുമാരിക്ക് അനുവദിക്കാവുന്നതാണെന്നും ആലപ്പുഴ ജില്ലാകളക്ടർ പരാമർശം 2 പ്രകാരം റിപ്പോർട്ട് ചെയ്തു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ. അജയകുമാറിന്റെ അർബുദ രോഗ ചികിത്സക്കായി ആശുപത്രിയിൽ ചെലവായ തുകയായ 3,42,351/- രൂപ (മൂന്നുലക്ഷത്തി നാൽപ്പത്തിരണ്ടായിരത്തി മുന്നൂറ്റി അൻപത്തിയൊന്ന് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ശ്രീ. അജയകുമാറിന്റെ ഭാര്യയായ ഡോ. സുഷമകുമാരിക്ക് (തോപ്പിൽ, വള്ളിക്കുന്നം, മാവേലിക്കര താലൂക്ക്, ആലപ്പുഴ ജില്ല) അനുവദിച്ച് ഉത്തരവാകുന്നു.

4. വിതരണത്തിനാവശ്യമായി വരുന്ന 3,42,351/- (മൂന്നുലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി മുന്നൂറ്റി അൻപത്തിയൊന്ന് രൂപ മാത്രം) രൂപ *"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"* എന്ന

...2/-

ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും തുക ആലപ്പുഴ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക അജയകുമാറിന്റെ ഭാര്യയായ ഡോ. സുഷമകുമാരിക്ക് നൽകേണ്ടതും നൽകിയ വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സന്തോഷ് കുമാർ. ടി. കെ.,
ജോയിന്റ് സെക്രട്ടറി.

ജില്ലാ കളക്ടർ, ആലപ്പുഴ

തഹസിൽദാർ, മാവേലിക്കര

ഡോ. സുഷമകുമാരി, W/o അജയകുമാർ, തോപ്പിൽ, വള്ളിക്കുന്നം, മാവേലിക്കര, ആലപ്പുഴ

ചെയർമാൻ, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, ശാസ്തമംഗലം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ധനകാര്യ ഫണ്ട്സ് വകുപ്പ്.

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Bindumol K.N

സെക്ഷൻ ഓഫീസർ.